**702**

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-'16

## മലയാളം

## കേരളപാഠാവലി

സമയം: 2 മണിക്കൂർ

ക്ലാസ്സ് VII

---

**നിർദ്ദേശങ്ങൾ :**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

പ്രവർത്തനം 1

പി.ഭാസ്കരന്റെ "ഞാറ്റുവേലപ്പൂക്കൾ" എന്ന കവിതയിൽ പ്രകൃതിയുമായി ഇഴുകിച്ചേർന്ന ജീവിതത്തിന്റെ പ്രസാദാത്മകമായ മുഖം നിങ്ങൾ കണ്ടല്ലോ. ഈ ആശയവുമായി ബന്ധപ്പെട്ട് മറ്റൊരു കവിത വായിക്കാം.

കലപ്പച്ചാലിൽ, വീണ വിത്തൊന്നും മുളയ്ക്കാതെ
പിഴയ്ക്കും കർമ്മങ്ങളിൽ നീറുമീ കൃഷിക്കാരൻ.
മുണ്ടകൻ പാടങ്ങളിൽ മഴനൂലിറങ്ങുമ്പോൾ
വിണ്ട പാടത്തിൻ ദുഃഖം നെഞ്ചേറ്റിയിരിക്കുന്നു.
ജീവന്റെ പൊടിപ്പുകൾ കാത്തിരിക്കുന്ന നീയും,
പാവമീ മണ്ണും, ഞാനോ ജാതകം പിഴച്ചവൻ.
*   *   *   *
ഉണ്ണിപ്പൂ വിരിയാതെ, കുഞ്ഞിക്കാൽ കാണാതെന്റെ
മണ്ണിന്റെ കിനാക്കളിൽ കണ്ണുനീർ പെയ്യുമ്പോഴും
സഹധർമ്മിണിയായ് നീയെത്തുന്നതിനൊപ്പം, സർവം -
സഹ, യുർവ്വര, യെന്റെ നിഴലിൻ നിഴലായി.
ഇനിയും മോഹിച്ചാവൂ ഞാറ്റുവേലകൾ പെയ്തു
കിനാവാർന്നൊരീ പാടമുഴുതു മറിക്കുമ്പോൾ.

(ആലങ്കോട് ലീലാകൃഷ്ണൻ)

(ക്ഷേത്രം)

(സഹധർമ്മിണി - ഭാര്യ, ഉർവ്വര - നനഞ്ഞ, ആർദ്രമായ)

(എ) താഴെ കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തി കവിതയ്ക്ക് <u>ആസ്വാദനം</u> തയ്യാറാക്കുക.
- * കർഷകന്റെ ദുഃഖം
- * എല്ലാം സഹിക്കുന്ന ഭൂമിയുടെ പ്രതീക്ഷകൾ

(ബി) "മുണ്ടകൻ <u>പാടങ്ങളിൽ</u> മഴനൂലിറങ്ങുമ്പോൾ "- അടിവരയിട്ട പദത്തിന് സമാന പദം എഴുതുക.

പ്രവർത്തനം 2

"പിറന്നു ഞാൻ മാങ്ങാട്ട് വളർന്നു ഞാൻ കതുവനൂര്
നാലു മൂരിക്കിടാങ്ങളും നാൽവർ ചങ്ങാതികളെ കൂടയും
കളിച്ചും ചിരിച്ചും കണ്ടു കട്ടത്തിൻ മീത്തൽ ഞാൻ കൈയെടുത്തു".

*    *    *    *    *

'നിന്റെ ആയുസ്സു മുറിഞ്ഞുപോകുലും കുറ്റമില്ല',
'തന്തല വെട്ടി തൻ മെയ്യിൽ രുധിരം കാണാം.'
'പട കാണാൻ പോയിതോരു മന്ദപ്പന്
കുടകരുടെ കള്ളപ്പടയിൽ കൊത്തിപ്പോട്ടെ.'

(എ) കതുവനൂർ വീരൻ തോറ്റം പാട്ടിന്റെ ഒരു ഭാഗം വായിച്ചല്ലോ. മന്ദപ്പൻ ജീവിച്ചിരുന്ന ആ കാലഘട്ടത്തിലെ സാമൂഹികവ്യവസ്ഥയെക്കുറിച്ച് ഒരു വിശകലനക്കുറിപ്പ് എഴുതുക.

(ബി) 'കതുവന്നൂർ വീരൻ' എന്ന പാഠഭാഗത്ത് 'കൊന്നപൂത്തപോലെ ഒരു പെണ്ണ്' എന്ന് വിശേഷിപ്പിച്ചത് ആരെയാണ്?

പ്രവർത്തനം 3

"വെള്ളം വെള്ളം സർവത്ര
തുള്ളി കുടിപ്പാനില്ലത്രേ" -
നാം നേരിടുന്ന രൂക്ഷമായ ഒരു പ്രശ്നമാണ് ജലക്ഷാമം.

(എ) ജലത്തിന്റെ കരുതലോടെയുള്ള ഉപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ഒരു പ്രസംഗം തയ്യാറാക്കൂ.

സൂചനകൾ
- ജലം അമൂല്യമാണ്.
- ജലസംരക്ഷണ മാർഗങ്ങൾ
- ജലലഭ്യതയും ഉപയോഗവും
- ബോധവത്കരണ പ്രവർത്തനങ്ങൾ)

(ബി) ജലം കുടിക്കാനുപയോഗിക്കുന്നു.
ജലം കുളിക്കാനുപയോഗിക്കുന്നു.
ഈ ലഘുവാക്യങ്ങൾ ചേർത്ത് ഒറ്റ വാക്യമാക്കുക.

പ്രവർത്തനം 4

- റൈൻ നദി ഒഴുകുകയാണ് - കണ്ണീരുറവ പോലെ
- റൈൻ നദി ഒഴുകുകയാണ് - സ്വച്ഛമായി, ശാന്തമായി
- റൈൻ നദി ഒഴുകുകയാണ് - ഓളം വെട്ടി, ചിന്നിച്ചിതറി, ആർത്തുചിരിച്ച്.

(എ) 'ജീൻ ക്രിസ്റ്റഫറിന്റെ ജീവിതത്തോട് ഏറെ ബന്ധപ്പെട്ടിരിക്കുന്നു റൈൻ നദിയുടെ ഒഴുക്ക്' -
ഈ പ്രസ്താവന വിലയിരുത്തി ഒരു കുറിപ്പ് എഴുതുക.

(ബി) കൃത്രിമഗൗരവം - കൃത്രിമമായ ഗൗരവം. എങ്കിൽ 'കണ്ണീരുറവ' എന്ന പദം അർത്ഥവ്യത്യാസം കൂടാതെ മാറ്റിയെഴുതു.

**പ്രവർത്തനം 5**




പ്രസംഗത്തിനുവേണ്ട ഗുണങ്ങൾ ആശയപടത്തിൽ കൊടുത്തത് ശ്രദ്ധിച്ചല്ലോ?

(എ) സുകുമാരൻ അഴീക്കോടിന്റെയും മാർട്ടിൻ ലൂഥർ കിംഗിന്റെയും പ്രസംഗങ്ങൾ നിങ്ങൾക്ക് പരിചിതമാണ്. ഇവയിൽ നിന്ന് പ്രസംഗത്തിന്റെ സവിശേഷതകളെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കു.

(ബി) ലോകമെങ്ങും സമാധാനം പുലരട്ടെ. ഈ വാക്യത്തിൽ അടിവരയിട്ട പദങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്? ബ്രായ്ക്കറ്റിൽ നിന്ന് കണ്ടെത്തി എഴുതുക. (പ്രേരണ, പ്രതീക്ഷ, ആജ്ഞ)